# ഉപസംവരണം കൂടിയേ തീരൂ

**ഇക്കഴിഞ്ഞ** എട്ടാം തീയതി ആചരിച്ച അന്താരാഷ്ട്ര വനിതാ ദിനത്തിന് ദേശീയതലത്തിലും അന്തർദേശീയതലത്തിലും ചില സവിശേഷതകളുണ്ടായിരുന്നു. അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ നൂറാം വാർഷികമായിരുന്നു എന്നതാണ് അന്തർദേശീയമായ സവിശേഷത. 1910–ൽ കോപ്പൻ ഹേഗനിൽ ചേർന്ന സോഷ്യലിസ്റ്റ് വനിതാ സമ്മേളനത്തിലാണ് വനിതാദിനം എന്ന ആശയം ഉയർന്നുവന്നത്. 1913 മുതൽ ലോകം അത് മുടങ്ങാതെ ആചരിച്ചുവരുന്നു. 'അവകാശസമത്വം, അവസര സമത്വം, സമഗ്ര പുരോഗതി' എന്ന മുദ്രാവാക്യവുമായി ഇക്കൊല്ലവും ലോകമെങ്ങും വനിതാ ദിനം കൊണ്ടാടി. വോട്ടവകാശം മുതൽ സ്വത്തവകാശം വരെ നിരവധി ന്യായമായ അവകാശങ്ങൾ വിലക്കപ്പെട്ട സാമൂഹിക വ്യവസ്ഥക്കെതിരായാണ് നൂറു കൊല്ലം മുമ്പ് പുരോഗമനവാദികളായ വനിതകൾ അമേരിക്കൻ തെരുവുകളിലിറങ്ങിയത്. അന്നുയർത്തപ്പെട്ട മുദ്രാവാക്യങ്ങൾ വലിയൊരളവോളം ഇന്ന് സാക്ഷാത്കരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. തുല്യ ജോലിക്ക് തുല്യ വേതനം എന്ന ആവശ്യം 1928–ൽ തന്നെ രാഷ്ട്രാന്തരീയതലത്തിൽ അംഗീകരിക്കപ്പെട്ടു. ഇന്ന് സുഊദി അറേബ്യയിൽ വരെ സ്ത്രീകൾക്ക് വോട്ടവകാശവുമുണ്ട്. നമ്മുടെ അയൽ രാജ്യങ്ങളായ പാകിസ്താനും നേപ്പാളുമടക്കം നൂറോളം രാജ്യങ്ങൾ സംവരണ വ്യവസ്ഥയിലൂടെ നിയമനിർമാണസഭകളിൽ വനിതകൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കിയിരിക്കുന്നു. പാകിസ്താൻ 17.5 ശതമാനമാവും നേപ്പാൾ 33 ശതമാനവും സീറ്റുകളാണ് പാർലമെന്റിൽ വനിതകൾക്ക് സംവരണം ചെയ്തിട്ടുള്ളത്.

കേന്ദ്ര ഗവൺമെന്റ് ചരിത്രപ്രധാനമായ വനിതാ സംവരണ ബിൽ പാസ്സാക്കാനുള്ള ഒന്നാമത്തെ ചുവടുവെച്ചത് വനിതാ ദിനത്തിലാണ് എന്നതാണ് ഇക്കൊല്ലത്തെ വനിതാ ദിനത്തിന്റെ ദേശീയമായ സവിശേഷത. ആവശ്യമായ ഗൃഹപാഠം ചെയ്യാത്തതിനാൽ ഒന്നാമത്തെ ചുവടുവെപ്പ് പാളിപ്പോയെങ്കിലും പിറ്റേ ദിവസം തന്നെ നിയമനിർമാണസഭകളിൽ 33 ശതമാനം സീറ്റുകൾ വനിതകൾക്ക് സംവരണം ചെയ്തുകൊണ്ടുള്ള ബിൽ രാജ്യസഭ വൻ ഭൂരിപക്ഷത്തോടെ പാസ്സാക്കുക തന്നെ ചെയ്തു. ഇനി ലോക്സഭയും 50 ശതമാനം സംസ്ഥാന നിയമസഭകളും കൂടി പാസ്സാക്കുന്നതോടെ ബിൽ നിയമമാകും. ഈ പാസ്സാക്കലുകളൊന്നും അത്ര ലളിതമല്ലെങ്കിലും പ്രതിബന്ധങ്ങൾ മറികടക്കുന്നതിൽ മൻമോഹൻ സിംഗ് സർക്കാർ വിജയിക്കുമെന്നു തന്നെയാണ് പ്രതീക്ഷ. സ്ത്രീ സംവരണ ബിൽ നേരിടുന്ന യഥാർഥ പ്രശ്നം മുഖ്യധാരാ രാഷ്ട്രീയ കക്ഷികളുടെ പുരുഷകേസരികളായ നേതാക്കൾക്ക് അതിൽ ആത്മാർഥമായ താൽപര്യമില്ല എന്നതുതന്നെയാണ്. അതുണ്ടായിരുന്നുവെങ്കിൽ പതിനാലു കൊല്ലം മുമ്പ് രൂപീകൃതമായ ഈ ബില്ല് കുറ്റം തീർത്ത് പാസ്സാക്കിയെടുക്കാൻ എന്നോ സാധിക്കുമായിരുന്നു. ബില്ലിനെ എതിർക്കുന്നവരുടെ എന്ന പോലെ ബില്ല് കൊണ്ടുവന്നവരുടെയും ആവശ്യമാണ് അത് നിയമമാകുന്നത് തടയപ്പെടുക. പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും, സാക്ഷാൽ കോൺഗ്രസ്സിൽനിന്നു തന്നെയും വിമർശനമുയർന്നിട്ടും അതൊന്നും പരിഗണിക്കുകയോ സമവായത്തിന് ശ്രമിക്കുകയോ ചെയ്യാതെ നിലവിലുള്ള രൂപത്തിൽ തന്നെ ബിൽ പാസ്സാക്കണമെന്ന സർക്കാറിന്റെ ശാഠ്യത്തിൽനിന്ന് അതാണ് മനസ്സിലാകുന്നത്.

എസ്.പി, ആർ.ജെ.ഡി, ബി.എസ്.പി കക്ഷികളുടെ എതിർപ്പിനു പിന്നിൽ അവരുടെ വോട്ട് ബാങ്ക് താൽപര്യങ്ങളുണ്ടാവാം. എന്നുവെച്ച് അവരുന്നയിക്കുന്ന വിമർശനങ്ങൾ അന്യായമോ അർഥശൂന്യമോ ആകുന്നില്ല. സ്ത്രീസംവരണത്തിൽ ദലിത്–പിന്നാക്ക–ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പ്രത്യേക സംവരണം വേണമെന്ന ആവശ്യവും ഇല്ലെങ്കിൽ വനിതാ സീറ്റുകൾ സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഉയർന്ന മേൽജാതിക്കാരുടെ കുത്തകയാവുകയും അത്രയും

സീറ്റുകൾ പിന്നാക്ക വിഭാഗങ്ങളിൽനിന്നുള്ള പുരുഷന്മാർക്ക് പോലും വിലക്കപ്പെടുകയും ചെയ്യുമെന്ന ആക്ഷേപവും ഗൗരവപൂർവം പരിഗണിക്കപ്പെടേണ്ടതുതന്നെയാണ്. പിന്നാക്കക്കാരുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്ന പ്രധാനമന്ത്രിയുടെ ഒഴുക്കൻ മട്ടിലുള്ള വാഗ്ദാനം ആശങ്കയകറ്റാൻ പര്യാപ്തമല്ല. രാഷ്ട്രീയ നേതാക്കളുടെ വാഗ്ദാനങ്ങളൊക്കെ പൂർത്തീകരിക്കപ്പെടുമെങ്കിൽ വനിതാ സംവരണ നിയമം തന്നെ അനാവശ്യമാണല്ലോ. നിയമനിർമാണസഭകളിൽ ദലിത്-പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് നിയമവ്യവസ്ഥകൾ ഉണ്ടായേ തീരൂ.

ഇപ്പോൾ സംവരണാനുകൂല്യമുള്ള പട്ടിക ജാതിക്കാരേക്കാൾ പിന്നാക്കക്കാരാണ് മുസ്‌ലിംകളെന്ന് സച്ചാർ കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സ്ത്രീ സംവരണത്തിൽ മുസ്‌ലിം സ്ത്രീകൾക്ക് ഉപ സംവരണമേർപ്പെടുത്താൻ മുസ്‌ലിം സംഘടനകൾ സർക്കാറിൽ ശക്തമായ സമ്മർദം ചെലുത്തേണ്ടിയിരിക്കുന്നു. ഉപസംവരണമില്ലാത്ത ബില്ലിനെ രാജ്യസഭയിൽ പിന്തുണക്കാൻ വിസമ്മതിച്ച പാർട്ടികൾക്ക് പിന്തുണ പ്രഖ്യാപിച്ച മുസ്‌ലിം സംഘടനകളുടെ നടപടി ശ്രദ്ധേയമാണ്. ജമാഅത്തെ ഇസ്‌ലാമി, ജംഇയ്യത്തുൽ ഉലമ, മുസ്‌ലിം പേഴ്സണനൽ ബോർഡ്, അഹ്‌ലെ ഹദീസ്, മുസ്‌ലിം മജ്‌ലിസെ മുശാവറ തുടങ്ങിയ സംഘടനകളുടെ നേതാക്കൾ മുലായം സിംഗ് യാദവ്, ലാലു പ്രസാദ് യാദ്‌വ, ദേവഗൗഡ, ശരദ് യാദവ്, മമത ബാനർജി എന്നിവരെ നേരിൽ കണ്ട് പ്രശ്നം ചർച്ച ചെയ്തിട്ടുണ്ട്. ഉപസംവരണമില്ലാത്ത ബില്ലിനെ ലോക്സഭയിലും ഈ പാർട്ടികൾ എതിർക്കുമെന്ന് നേതാക്കൾ മുസ്‌ലിം പ്രതിനിധിസംഘത്തിന് ഉറപ്പ് നൽകിയതയാണ് റിപ്പോർട്ട്. ദലിത്-പിന്നാക്ക-മുസ്‌ലിം സംവരണ നിർദേശം ദേശീയ രാഷ്ട്രീയത്തിൽ വ്യാപകമായി ചർച്ച ചെയ്യപ്പെടാൻ ഈ നീക്കം അവസരം സൃഷ്ടിച്ചിരിക്കുന്നു.

രാഷ്ട്രീയ രംഗത്ത് സംജാതമാകുന്ന പുതിയ സാഹചര്യങ്ങളെ നേരിടാൻ മുസ്‌ലിം വനിതകൾ സജ്ജരാകേണ്ട സന്ദർഭമാണിത്. അവർ പൊതുജീവിതത്തിൽ തങ്ങളുടെ റോളെന്തെന്നു കണ്ടെത്താനും സധൈര്യം ഏറ്റെടുക്കാനും പര്യാപ്തമായ രാഷ്ട്രീയ വിദ്യാഭ്യാസമാർജിക്കണം. സർവതോമുഖമായ ശാക്തീകരണത്തിലൂടെ മാത്രമേ അത് സാധിക്കൂ. കേരള ജമാഅത്തെ ഇസ്‌ലാമി മുസ്‌ലിം വനിതകളുടെ ശാക്തീകരണം ലക്ഷ്യമാക്കി ഇക്കഴിഞ്ഞ ഫെബ്രുവരി 24-ന് കുറ്റിപ്പുറത്ത് സംഘടിപ്പിച്ച സംസ്ഥാന വനിതാ സമ്മേളനം ഈ സന്ദർഭത്തിൽ അനുസ്മരണീയമാകുന്നു. പ്രതിയോഗികളുടെ കുത്സിതമായ പ്രചാരവേലകളെയും മാധ്യമങ്ങളുടെ കുടിലമായ തമസ്കരണത്തെയും നിഷ്പ്രഭമാക്കി ചരിത്രം കുറിച്ച ആ സമ്മേളനം കേരളീയ മുസ്‌ലിം വനിതകളിൽ സൃഷ്ടിപരമായ ഉൽബുദ്ധതയും സംഘബോധവും കർമകുശലതയും വളർന്നു തുടങ്ങിയിരിക്കുന്നു എന്ന വ്യക്തമായ പ്രഖ്യാപനമായിരുന്നു. അതിന്റെ അനുരണനങ്ങൾ ജമാഅത്തേതര മുസ്‌ലിം സംഘടനകളിലും ചെന്നെത്തിയതിന്റെ അടയാളങ്ങൾ ദൃശ്യമാണ്. കുറ്റിപ്പുറത്ത് സമ്മേളിച്ചവർ ഉയർത്തിയ പ്രമേയങ്ങളുമായി വനിതകൾ കൂടുതൽ ഊർജസ്വലരായി മുന്നോട്ടുപോകണമെന്നാണതാവശ്യപ്പെടുന്നത്. ■